പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 214

01.12.2014-ൽ മറുപടിക്ക്.

## ജനമൈത്രി പോലീസ് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജോസഫ് വാഴയ്ക്കൻ<br>ശ്രീ. പാലോട് രവി<br>ശ്രീ. കെ. ശിവദാസൻ നായർ<br>ശ്രീ.വി.റ്റി.ബൽറാം | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) ജനമൈത്രി പോലീസ് പദ്ധതി സംബന്ധിച്ച പരാതികൾ പരിഹരിച്ച് കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് എന്തെല്ലാം കർമ്മപദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കുമോ ; | : (എ) അതാത് ജില്ലാ പോലീസ് മേധാവികളുടെ മേൽനോട്ടത്തിൽ പോലീസ് ഉദ്യോഗസ്ഥർ ബീറ്റ് സന്ദർശനം, ഗൃഹ സന്ദർശനം എന്നിവ നടത്തി റിപ്പോർട്ട്, പരിഷ്കരിച്ച പ്രൊഫോർമയിൽ ലഭ്യമാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ, ഇതു സംബന്ധിച്ച് വിവിധ തരത്തിലുള്ള വർക്ക് ഷോപ്പുകൾ, സെമിനാറുകൾ, പരിശീലനം എന്നിവയിലൂടെ സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ, ആദ്യവാസി മേഖലയിലെ പ്രശ്നങ്ങൾ, ബ്ലേഡ് മാഫിയ പ്രശ്നങ്ങൾ, മദ്യം, മയക്കുമരുന്ന് എന്നിവയുടെ ദുരുപയോഗം തുടങ്ങിയ കുറ്റകൃത്യങ്ങൾ തടയാനുള്ള പ്രവർത്തനങ്ങൾക്കും ബോധവൽക്കരണ പ്രവർത്തനങ്ങൾക്കും അതാത് ബീറ്റ് ഓഫീസർമാർക്ക് വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ നൽകി, പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കിവരുന്നു. |
| (ബി) പ്രസ്തുത പദ്ധതി സംബന്ധിച്ച് പഠനം നടത്തുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ളത് ആരെയാണ്; വിശദാംശങ്ങൾ വ്യക്തമാക്കാമോ;<br><br>(സി) പഠന റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | : (ബി & സി) **Influence of Janamaithri Suraksha Project on the Communities** എന്ന വിഷയത്തിൽ കൊച്ചിയിലെ രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസ് എന്ന സ്ഥാപനവും, **An Evaluation of the Community Policing Programme in Kerala** എന്ന വിഷയത്തിൽ റ്റാറ്റ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസ് എന്ന സ്ഥാപനവും പ്രസ്തുത പദ്ധതി സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ട്. പഠന റിപ്പോർട്ടുകൾ **www.keralapolice.org** എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. |

(ഡി) എങ്കിൽ പ്രസ്തുത റിപ്പോർട്ടിലെ ശുപാർശകളിൻമേൽ എന്തെല്ലാം തുടർനടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

: (ഡി) ജനമൈത്രി പോലീസ് സുരക്ഷാ പദ്ധതി സംബന്ധിച്ചുള്ള പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഈ പദ്ധതി സംസ്ഥാനത്തെ കൂടുതൽ പോലീസ് സ്റ്റേഷനുകളിലേക്ക് വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി ഇപ്പോൾ പുതുതായി 19 പോലീസ് സ്റ്റേഷനുകളിൽ കൂടി ആരംഭിക്കുന്നതിന് ഉത്തരവായിട്ടുണ്ട്. സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിലെ എല്ലാ പോലീസ് ഉദ്യോഗസ്ഥർക്കും പരിശീലനം നൽകുന്നതിനുവേണ്ടി ഓരോ പോലീസ് സ്റ്റേഷനും ഒരു ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്. ജനമൈത്രി പോലീസ് സുരക്ഷാ പദ്ധതി സംബന്ധിച്ചും മറ്റും ജില്ലാ തല സെമിനാറുകൾ നടത്തുന്നതിനുവേണ്ടി ഓരോ ജില്ലയ്ക്കും അൻപതിനായിരം രൂപ വീതം അനുവദിച്ചിട്ടുണ്ട്. ജനമൈത്രി കേന്ദ്രങ്ങൾ കൂടുതൽ സ്ഥലങ്ങളിൽ തുടങ്ങുവാനായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജനമൈത്രി ബീറ്റ് ഓഫീസർമാർക്ക് ബീറ്റ് ഓഫീസേഴ്സ് അലവൻസ് അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

സെക്ഷൻ ഓഫീസർ